സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വിഭാഗം
തിരുവനന്തപുരം

നം.43/19/സിഎ 2.

22 .05.2019.

ക്വട്ടേഷൻ

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ള പേപ്പർ കട്ടിംഗ് വേസ്റ്റ്, റാപ്പർ കുടാതെ ശ്രീ. ചിത്രാഹിന്ദുമതഗ്രന്ഥശാല കോമ്പൗണ്ട് ബുക്ക്സ്റ്റാൾ എന്നിവയിലേയും ശബരിമല, പമ്പ എന്നീ ബുക്ക്സ്റ്റാളുകളിലെ ഗോഡൗണുകളിലുള്ള 2016 മുതൽ 2018 വരെയുള്ള ഉപയോഗശൂന്യമായ പഴയഡയറികൾ പഞ്ചാംഗങ്ങൾ ഡേറ്റ് കലണ്ടറുകൾ, സന്നിധാനം മാസികകളും കുടാതെ ശ്രീ. ചിത്രാ ഹിന്ദുമത ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുള്ള ന്യൂസ് പേപ്പറുകളും, മറ്റ് മാസികളും ലേലം ചെയ്യുന്നതിന് ക്വട്ടേഷന് ക്ഷണിച്ച് കൊളളുന്നു.

ഓരോ ഐറ്റത്തിനും കിലോ ഗ്രാം ഒന്നിന് നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ക്വട്ടേഷനുകൾ മെയ് മാസം 28-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്ദൻകോട്, തിരുവനന്തപുരം- 695503 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നേദിവസം 2 മണിക്ക് ഹാജരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5,000/- രൂപയുടെ നിരതദ്രവ്യം പണമായേ, ദേവസ്വം കമ്മീഷണറുടെ പേരിൽ ഡി.ഡി. ആയോ ഹാജരാക്കേണ്ടതാണ്.

കട്ടിംഗ് വേസ്റ്റിന്റേയും, റാപ്പറിന്റേയും മറ്റ് പ്രസിദ്ധീകരണങ്ങളുടേയും പരമാവധി തുക ക്വാട്ട് ചെയ്ത് ആളിന്റെ പേരിൽ കുത്തക അംഗീകരിയ്ക്കുന്നതിന് ബോഡിലേയ്ക്ക് ശൂപാർശ ചെയ്യുന്നതിനും ക്വട്ടേഷൻ ബോർഡിൽ നിന്നും അംഗീകരിച്ച് വരുന്ന മുറയ്ക്ക് 200/- രൂപ മുദ്രപാത്രത്തിൽ ഉടമ്പടി വച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. കട്ടിംഗ് വേസ്റ്റുകൾ റാപ്പറും നിർദ്ദേശാനുസരണം ഇപ്പോൾ സൂക്ഷിച്ചിട്ടുളളതും മാറ്റേണ്ടതും തുടർന്നുളള വർഷം കുമിഞ്ഞ് കുടുന്നതിനുസരിച്ച് ഈ ആഫീസിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ക്വട്ടേഷണറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തുക്കിയെടുത്ത് ബോദ്ധ്യപ്പെട്ട് സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ് റാപ്പർ കട്ടിംഗ് വേസ്റ്റ്, പഴയ ന്യൂസ് പേപ്പറുകൾ ഡയറികൾ മറ്റ് പ്രസിദ്ധീകരണങ്ങളും യഥാക്രമം ഒന്നിച്ച് മാറ്റി സ്ഥലം ഒഴിപ്പിയ്ക്കാനുളള ചുമതല കരാറുകാരിൽ നിക്ഷിപ്തമാണ്. യാതൊരു കാരണവശാലും ടി ഐറ്റങ്ങൾ ബാക്കിയിട്ട് കൊണ്ട് പോകാൻ അനുവദിക്കുന്നതല്ല കട്ടിംഗ് വേസ്റ്റ് റാപ്പർ എന്നിവ നീക്കം ചെയ്യുന്നതിന് ഈ ആഫീസിൽ നിന്ന് നിർദ്ദേശം ലഭിച്ചശേഷം യഥാക്രമം ഈ ഐറ്റങ്ങൾ മാറ്റിയില്ലെങ്കിൽ താമസം വരുന്ന ഓരോ ദിവസത്തിനും 100/- രൂപാ വീതം ഈടാക്കുന്നതാണ് ടി ഐറ്റങ്ങൾ നീക്കം ചെയ്യാതെ നശിച്ച് പോയാൽ തന്മൂലം ഉണ്ടാകുന്ന ഐറ്റത്തിന് കരാർകാർ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.. പഴയ ഡയറികൾ, പത്രമാസികകൾ, പ്രസിദ്ധീകരണങ്ങൾ സൂക്ഷിച്ചിട്ടുളള അതാത് ഗോഡൗണിൽ നിന്നും ഈ ആഫീസിന്റെ നിർദ്ദേശാനുസരണം കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ.